മാതൃഭൂമി

29 January 2025

# കൂന്തലിന്റെ ജനിതക പ്രത്യേകതകൾ കണ്ടെത്തി സി.എം.എഫ്.ആർ.ഐ.

**കൊച്ചി▸** കൂന്തലിന്റെ (ഇന്ത്യൻ സ്ക്വിഡ്) ജനിതക പ്രത്യേകതകൾ കണ്ടെത്തി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം. ബുദ്ധിശക്തി, മസ്തിഷ്ക വികാസം തുടങ്ങി മനുഷ്യരുടെ നാഡീവ്യവസ്ഥയുമായി സാമ്യമുള്ള കൂന്തലിന്റെ ജീൻ എക്സ്പ്രഷൻ മാതൃകകളാണ് സി.എം.എഫ്.ആർ.ഐ. ഗവേഷകർ പഠന വിധേയമാക്കിയത്.



▶ ഇന്ത്യൻ സ്ക്വിഡ്

സി.എം.എഫ്.ആർ.ഐ.യിലെ മറൈൻ ബയോ ടെക്നോളജി, ഫിഷ് ന്യൂട്രീഷ്യൻ ആൻഡ് ഹെൽത്ത് ഡിവിഷനിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സന്ധ്യ സുകുമാരന്റെ നേതൃത്വത്തിലുള്ള സംഘമാണ് പഠനം നടത്തിയത്. കൂന്തലുകളുടെ ജനിതക പ്രത്യേകതകൾ മനസ്സിലാക്കാൻ സഹായിക്കുന്ന ജീൻ എക്സ്പ്രഷൻ പ്രൊഫൈലുകളാണ് സി.എം.എഫ്.ആർ.ഐ. ഗവേഷകർ തിരിച്ചറിഞ്ഞത്.

വികസിത നാഡീവ്യൂഹം, ബുദ്ധിശക്തി, നിറം മാറാനുള്ള ശേഷി തുടങ്ങിയ പ്രത്യേകതകളോടു കൂടിയ സമുദ്രജീവിയാണ് കൂന്തൽ. പരിണാമപരമായ ബന്ധങ്ങളിലേക്കാണ് ഇത് വെളിച്ചം വീശുന്നത്.എല്ലാ ജീവജാലങ്ങളുടെയും ബുദ്ധിശേഷി, മസ്തിഷ്ക വികാസം എന്നിവ മനസ്സിലാക്കാൻ സഹായിക്കുന്ന സുപ്രധാന മാതൃകാ ജീവിവർഗമാണ് കൂന്തലെന്ന് ഈ പഠനത്തിലൂടെ തെളിഞ്ഞെന്ന് ഡോ. സന്ധ്യ സുകുമാരൻ പറഞ്ഞു. കടൽജീവികൾ പാരിസ്ഥിതിക മാറ്റങ്ങളോട് എങ്ങനെ പൊരുത്തപ്പെടുന്നുവെന്ന് മനസ്സിലാക്കാൻ ഈ ജനിതക കണ്ടെത്തലുകൾ വഴിയൊരുക്കും.